(എ) കേരളത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് ഔപചാരികമായ പഠനങ്ങൾ ഒന്നുംതന്നെ വകുപ്പുതലത്തിൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ശിൽപ്പശാലകളിൽ ഇത്തരം കാര്യങ്ങൾ ചർച്ചാവിഷയമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. യുവജനനയത്തിന്റെ ഖണ്ഡിക 5.2-ൽ ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യുവജനനയം 2012 ഡിസംബർ മാസത്തിൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. കേരള സംസ്ഥാന യുവജനകാര്യ വകുപ്പ് 2012-ൽ പ്രഖ്യാപിച്ച യുവജനനയം കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ഓരോ പദ്ധതിയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാണ് അവലോകനം ചെയ്യുന്നത്. പദ്ധതികൾ അതിന്റെ ഓരോ ഘട്ടത്തിലും വിലയിരുത്തുകയും ചെയ്യുന്നു. പദ്ധതികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അവ വിജയകരമാണെന്ന് കണ്ടാൽ കൂടുതൽ യുവജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന തരത്തിൽ വീണ്ടും നടപ്പാക്കുകയും ചെയ്യുന്നു. പദ്ധതികളുടെ ഘട്ടം ഘട്ടമായുള്ള വിലയിരുത്തലുകളും അവലോകനങ്ങളും പുനഃസംഘാടനവും യുവജനങ്ങളുടെ സ്ഥായിയായ പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ടു വരുന്നതിന് സഹായകരമാകുംവിധമാണ് സംഘടിപ്പിക്കുന്നത്.

(ഡി) ഇല്ല.

പാലക്കാട്ടെ ഇരുമ്പുരുക്ക് വ്യവസായം

26 (*656) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എം. ഹംസ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും വലിയ ഇരുമ്പുരിക്ക് നിർമ്മാണ ശാലകളുള്ള പാലക്കാട്ട് ഈ വ്യവസായത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റമടക്കം വിവിധ കാരണങ്ങളാൽ ഇത്തരം സ്ഥാപനങ്ങൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനും സുഗമമായി നടത്തിക്കുന്നതിനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും ഉയർന്ന തോതിൽ ഉപഭോഗമുള്ള വൈദ്യുതിയുടെ നിരക്കുകളും കാരണം ഇരുമ്പുരുക്ക് വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രധാന അസംസ്കൃത വസ്തുക്കളായ സ്റ്റീൽ സ്ക്രാപ്പ് തദ്ദേശീയമായോ ഇറക്കുമതിയിലൂടെയോ ശേഖരിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി അഭിപ്രായ രൂപീകരണം ഉണ്ടാക്കുവാൻ ചർച്ചകൾ നടന്നുവരുന്നു.

ധാതു മണൽ സമ്പത്ത്

27 (*657) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ വൻപുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ധാതു സമ്പത്ത് പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly